പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3651. | 10.04.2013 ൽ മറുപടിയ്ക്ക് |
|---|---|
| അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുന്ന പദ്ധതി | |
| ചോദ്യം | ഉത്തരം |
| ശ്രീ.ഇ.ചന്ദ്രശേഖരൻ | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) നബാർഡിന്റെ സഹായത്തോടെ ഒരു മണ്ഡലത്തിൽ അഞ്ച് സെന്റ് സ്ഥലം സ്വന്തമായുള്ള 7 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) സാമൂഹ്യനീതി വകുപ്പിൽ നബാർഡ്-ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം സ്വന്തമായി കെട്ടിടം നിർമ്മിക്കുക, കാലപഴക്കം കൊണ്ട് പൊളിഞ്ഞു വീഴാറായവ പുനർ നിർമ്മിക്കുക എന്നിങ്ങനെ 700 അംഗൻവാടികളുടെ നിർമ്മാണ പ്രവർത്തനത്തിന് ബന്ധപ്പെട്ട എസ്.എൽ.ഇ.സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) എം.എൽ.എ മാരിൽ നിന്നും ഇതനുസരിച്ച് നിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി നിർദ്ദേശങ്ങൾ സ്വീകരിച്ചു വരുന്നു. |
| (സി) എങ്കിൽ ഈ പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;<br><br>(ഡി) കാഞ്ഞങ്ങാട് മണ്ഡലം എം.എൽ.എ നൽകിയ നിർദ്ദേശങ്ങൾ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) &(ഡി)<br>ഓരോ അംഗൻവാടിക്കും ഉളള സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന സാക്ഷ്യപത്രം, പഞ്ചായത്തിന്റെ തീരുമാനം, കെട്ടിടത്തിന്റെ പ്ളാനും, എസ്റ്റിമേറ്റും (2012-ലെ പൊതു മരാമത്ത് വകുപ്പ് എസ്.ഒ.ആർ പ്രകാരം), പണിയുടെ സമയക്രമം എന്നിവ ഉൾപ്പെടുത്തി കൊണ്ടുളള റിപ്പോർട്ട് സഹിതം പ്രോഗ്രാം ഓഫീസർമാരുടെ പ്രൊപ്പോസൽ ലഭ്യമായി ക്കൊണ്ടിരിക്കുന്നതേയുള്ളു.ഇത് പൂർണ്ണമാവുന്ന മുറയ്ക്ക് മാത്രമേ ബന്ധപ്പെട്ട എം.എൽ.എ മുഖേനയും മറ്റും ശുപാർശ ചെയ്യപ്പെട്ട ഏതൊക്കെ അംഗൻവാടികളെയാണ് തെരഞ്ഞെടുക്കപ്പെടാവുന്നതെന്ന വിവരം ലഭ്യമാകുകയുളളു. |

സെക്ഷൻ ഓഫീസർ